# 14. രാമായണം ഇൻഡോനേഷ്യയിൽ

ഇന്ത്യയുടെ രണ്ട് ഇതിഹാസങ്ങളാണ് രാമായണവും മഹാഭാരതവും. സംസ്കൃതത്തിൽ രചിക്കപ്പെട്ടവയെങ്കിലും ഇവ ഇന്ത്യയിലെ എല്ലാ പ്രാദേശികഭാഷകളിലും പല രൂപത്തിൽ പുനഃസൃഷ്ടിക്കപ്പെട്ടിട്ടുണ്ട്. ഈ ഇതിഹാസങ്ങളിൽ പ്രതിപാദിക്കപ്പെടുന്നത് മുഖ്യമായും ആര്യഗോത്രജരായ രാജാക്കന്മാരുടെ കഥകളാണ്. എങ്കിലും, ആദിവാസികളും ഗിരിജനങ്ങളും അടക്കം ഇന്ത്യയിലെ വിഭിന്ന ഗോത്രക്കാരായ എല്ലാ ജനങ്ങളും തങ്ങളുടെ വംശപുരാണങ്ങളെ ഈ ഇതിഹാസങ്ങളുമായി ബന്ധപ്പെടുത്തുന്നതിൽ ശതാബ്ദങ്ങൾക്കു മുമ്പുതന്നെ അഭിമാനംകൊണ്ടിരുന്നു. ഇന്ത്യയിലെ വ്യത്യസ്ത ഭാഷാസാഹിത്യങ്ങൾ മാത്രമല്ല, നൃത്തവും അഭിനയവും ഗാനവും വാസ്തുശില്പവും പ്രതിമാശില്പവും ചിത്രകലയും മതവും തത്ത്വചിന്തയും വേരോടിയിട്ടുള്ളത് ഈ ഇതിഹാസങ്ങളിലാകുന്നു. ഇന്നാട്ടിലെ ഏതു ഗ്രാമവും നഗരവും രാമായണത്തോടോ മഹാഭാരതത്തോടോ ബന്ധം സ്ഥാപിച്ച് കൃതകൃത്യത അനുഭവിക്കുന്നു. ജനങ്ങളിൽ ബഹുഭൂരിപക്ഷത്തിന്റെ വ്യക്തിനാമങ്ങൾ രാമായണ—മഹാഭാരത കഥാപാത്രങ്ങളുടേതാണ്. ഭാരതീയസംസ്കാരത്തിലും ഭാരതീയ ചേതനയിലും ഇന്നും ഈ ഇതിഹാസങ്ങൾ നിറഞ്ഞുനില്ക്കുന്നു.

ഇത്ര വ്യാപകമായില്ലെങ്കിലും, ഏഷ്യയിലെ മറ്റു രാഷ്ട്രങ്ങളിലും രാമായണ—മഹാഭാരതങ്ങൾ വളരെക്കാലംകൊണ്ടു ഗണനീയമായ സാംസ്കാരിക സ്വാധീനം ചെലുത്തിവന്നു. ശ്രീലങ്കയിലും ബർമയിലും ഇൻഡോനേഷ്യയിലും മലയയിലും തായ്ലാൻഡിലും ലാവോസിലും കമ്പൂച്ചിയയിലും നേപ്പാളിലും തിബത്തിലും ചൈനയിലും മംഗോളിയയിലും ജപ്പാനിലും ഈ ഇതിഹാസങ്ങളെ ഉപജീവിച്ച പല സാഹിത്യകൃതികളും മറ്റു കലാരൂപങ്ങളും ജന്മമെടുക്കുകയുണ്ടായി. അകലെ ഫിലിപ്പൈൻസിന്റെ ഗഹനവനങ്ങളിൽ, അന്യരിൽനിന്ന് ഒറ്റപ്പെട്ടും ഇസ്ലാംമതം വിശ്വസിച്ചും പുലരുന്ന ഒരു ഗോത്രത്തിന്റെ നാടോടിപ്പാട്ടുകളിലൊന്ന് ശ്രീരാമൻ ദുന്ദുഭി എന്ന അസുരന്റെ അസ്ഥിക്കൂടം കാൽവിരൽകൊണ്ടു തോണ്ടിയെറിയുന്നതായി രാമായണത്തിലുള്ള കഥാസന്ദർഭത്തെ ആശ്രയിച്ചാണു രചിക്കപ്പെട്ടിട്ടുള്ളത്. ഈ കഥ ഈ ഗോത്രത്തിന്റെ കൈയിൽ എങ്ങനെ ചെന്നുപെട്ടു എന്നത് ഇന്നും ചുരുളഴിയാത്ത ഒരു രഹസ്യമത്രെ.

ഇന്ത്യക്കു പുറത്ത്, രാമായണ—മഹാഭാരതങ്ങൾ ഏറ്റവുമധികം പ്രചരിക്കുകയും ജനജീവിതത്തെ സ്വാധീനിക്കുകയും ചെയ്തത് തായ്ലൻഡ്, ലാവോസ്, കമ്പൂച്ചിയ എന്നീ രാജ്യങ്ങളടങ്ങുന്ന ഇൻഡോചൈനയിലും ഇൻഡോനേഷ്യയിലുമാണ്. നേപ്പാളിനെ ഒഴിവാക്കിയാണ് ഈ പ്രസ്താവം. നേപ്പാൾ, ഭൂമിശാസ്ത്രപരമായി ഇന്ത്യതന്നെയാണല്ലോ.

രാമായണത്തിന്റെ പല രൂപങ്ങൾ ഇൻഡോനേഷ്യയിൽ പ്രചരിച്ചിരുന്നു. 'രാമായണ കകാവിൻ' എന്നറിയപ്പെടുന്നതും പഴയ ജാവനീസ് ഭാഷയിൽ എഴുതപ്പെട്ടതുമായ കാവ്യമാണ് ഇക്കൂട്ടത്തിൽ ഏറ്റവും അധികം പ്രചാരം ആർജിച്ചത്. ഈ മഹാകാവ്യത്തിന്റെ ഭാഷാപരവും സാഹിത്യപരവുമായ സൗന്ദര്യത്തെ ഇൻഡോനേഷ്യൻ സാഹിത്യകാരന്മാരിൽ പലരും വാചാലതയോടെ പുകഴ്ത്തിയിട്ടുണ്ട്. ക്രിസ്തുവർഷം ഒമ്പതാം ശതകത്തിന്റെ അവസാനത്തിനുമുമ്പ് ഈ കാവ്യത്തിന് ഇന്നത്തെ രൂപം കൈവന്നിരിക്കാമെന്നാണ് നിരൂപകന്മാർ അഭിപ്രായപ്പെട്ടിട്ടുള്ളത്. അതിനുമുമ്പുതന്നെ രാമകഥയെ ആധാരമാക്കി പല സാഹിത്യകൃതികൾ ഇൻഡോനേഷ്യയിൽ രചിക്കപ്പെട്ടിരിക്കണം. വാല്മീകിയുടെ ഇതിഹാസത്തെപ്പോലെ, ക്രിസ്തുവർഷം ഏഴാം

ശതകത്തിൽ ഗുജറാത്തിൽ രചിക്കപ്പെട്ടതെന്നു കരുതിവരുന്ന 'ഭട്ടികാവ്യം' എന്ന കൃതിയെയും രാമായണ കകാവിന്റെ കർത്താവ് ആശ്രയിച്ചിട്ടുണ്ട്. പാവക്കൂത്തുകാർ തങ്ങളുടെ രംഗപ്രകടനങ്ങളിൽ ഈ കൃതി പാടിവന്നു. ഇക്കഴിഞ്ഞ ആയിരം വർഷങ്ങളിൽ രാമായണ കകാവിന്റെ സ്വാധീനം ഇൻഡോനേഷ്യയിൽ വർദ്ധിക്കുകയല്ലാതെ, ഒരു കാലത്തും കുറയുകയുണ്ടായിട്ടില്ല. ജാവനീസ് ഭാഷയും സംസ്കൃതവും കൂട്ടിക്കലർത്തി നിർമിച്ച ഒരുതരം മണിപ്രവാളഭാഷയാണ് ഈ കൃതിയുടെ രചനയിൽ ഉപയോഗപ്പെടുത്തിയിട്ടുള്ളത്. ഒരു ഉദാഹരണം:

സന്ദേഹാത മനഃഹ്യൻ ഇന്ദ്രുതമഹാ
സൻ രാമ മേസാരെൻ രണ
യതാവേഃത ശിരസ്ത്ര ഗുഹ്യവിജയ
ബ്രഹ്മാസ്ത്ര ലാവൻ രഥ.

(അർത്ഥം: രാമൻ യുദ്ധത്തിൽ തോല്പിക്കപ്പെട്ടേക്കാമെന്ന് വിചാരിച്ച് ഇന്ദ്രന്റെ മനസ്സിൽ സന്ദേഹമുണ്ടായി. ആശങ്കമൂലം അദ്ദേഹം ഗുഹ്യവിജയം എന്ന തൊപ്പിയും ബ്രഹ്മാസ്ത്രവും രഥവും രാമനു കൊടുത്തു.)

നമുക്കെല്ലാം പരിചിതമായ ശാർദ്ദൂലവിക്രീഡിതം വൃത്തത്തിലാണ് ഈ പദ്യാർദ്ധം.

ഇൻഡോനേഷ്യ ഇന്ന് ഏറെക്കുറെ പൂർണമായും ഒരു മുസ്ലിം രാഷ്ട്രമാകുന്നു. അവിടെ ബാലിദ്വീപിൽ മാത്രമാണ് ഹിന്ദുമതം, പഴയപടി, അവശേഷിച്ചിട്ടുള്ളത്. ഇസ്ലാം സ്വീകരിച്ചെങ്കിലും ഇൻഡോനേഷ്യക്കാർ മഹാഭാരത—രാമായണസംസ്കാരം കൈവെടിഞ്ഞിട്ടില്ല. 1988 മാർച്ച് 6—12—ലെ 'ധർമയുഗ്' എന്ന ഹിന്ദിവാരികയിൽ ശ്രീ ധർമവീരഭാരതി എഴുതിയ ഒരു ലേഖനത്തിൽനിന്ന് ചില വസ്തുതകൾ ഉദ്ധരിച്ച് ഈ സംഗതി വ്യക്തമാക്കാം.

ആഗസ്റ്റ് 15—ാം തീയതിയാണല്ലോ ഇന്ത്യയുടെ സ്വാതന്ത്ര്യ ദിവസം. ഇൻഡോനേഷ്യയുടെ സ്വാതന്ത്ര്യദിവസം ആഗസ്റ്റ് 16—ാം തീയതിയാകുന്നു. ഇൻഡോനേഷ്യയുടെ സ്വാതന്ത്ര്യസമരനായകനും രാഷ്ട്രപിതാവും ആദ്യത്തെ രാഷ്ട്രപതിയുമായിരുന്ന സുകർണോ ആഗസ്റ്റ് 15—ാം തീയതി രാത്രി തന്റെ കൊട്ടാരത്തിൽവെച്ച് ഇന്ത്യയെ ആദരിക്കുന്നതിനായി ഒരു സംഗീതോത്സവം നടത്താറുണ്ട്. ജാവയിലെയും ബാലിയിലെയും ഗായകസംഘങ്ങളെക്കൊണ്ട് ഇൻഡോനേഷ്യൻഭാഷയിലുള്ള രാമായണം ആലപിപ്പിക്കുകയും അവസാനം ഗായകർക്ക് രാഷ്ട്രപതിയുടെ കൈകൊണ്ടു സമ്മാനം നൽകുകയുമായിരുന്നു ഈ സംഗീതോത്സവത്തിലെ ചടങ്ങ്. ഇതിന് ഇന്ത്യൻ എംബസ്സിയിലെ ഉദ്യോഗസ്ഥന്മാരെയും ജാവയിലുള്ള പ്രമുഖരായ ഇന്ത്യാക്കാരെയും ക്ഷണിച്ചിരുന്നു.

ജവാഹർലാൽ നെഹ്റുവിന്റെ ഒരു സുഹൃത്തും ആരാധകനുമായിരുന്ന സുകർണോ പിന്നീട് ഇന്ത്യയോട് അകലുകയും ചൈനയുമായി അടുക്കാൻ ശ്രമിക്കുകയുംചെയ്തു. എന്നാൽ, 1966—ൽ സുകർണോ ഇൻഡോനേഷ്യയിൽ ഇല്ലാതിരുന്ന അവസരത്തിൽ, ചൈനയുടെ പ്രേരണകൊണ്ടാണെന്നു പറയപ്പെടുന്നു, ഇൻഡോനേഷ്യൻ കമ്യൂണിസ്റ്റ് പാർട്ടി ഒരു സൈനികവിപ്ലവം സംഘടിപ്പിച്ചു. ജനറൽ സുഹാർത്തോ എന്ന സൈനിക ഉദ്യോഗസ്ഥൻ ഈ വിപ്ലവം അടിച്ചമർത്തി; ഒപ്പം ഇൻഡോനേഷ്യയുടെ സർവാധിപതിയായിത്തീരുകയും ചെയ്തു സുകർണോയെ പ്രസിഡന്റ് സ്ഥാനത്തുനിന്ന് നീക്കാതെ, അദ്ദേഹത്തെ സ്വന്തം കൊട്ടാരത്തിൽ, ഏറെക്കുറെ ഒരു തടവുകാരനെപ്പോലെ, കടുത്ത കാവലിനുകീഴിൽ പാർപ്പിക്കുകയാണ് സുഹാർത്തോ ചെയ്തത്.

1966—ലെ ആഗസ്റ്റിൽ, ഇൻഡോനേഷ്യയിലാകെ വിപ്ലവത്തിന്റെ ജ്വാലകൾ ആളിക്കത്തിക്കൊണ്ടിരുന്നു. എങ്കിലും, 15—ാം തീയതി രാത്രി പതിവുപോലെ രാമായണ സംഗീതോത്സവം നടത്തുന്നതിൽ സുകർണോ വീഴ്ച വരുത്തിയില്ല. അന്ന് ശ്രീ ധർമവീരഭാരതി ഇൻഡോനേഷ്യൻ തലസ്ഥാന

ത്തിലുണ്ടായിരുന്നു. ഇൻഡോനേഷ്യയിൽ ഇന്ത്യയുടെ അംബാസിഡർ അന്ന് ശ്രീ പെരാലരത്നം ആയിരുന്നു. ശ്രീ രത്നത്തോടും അദ്ദേഹത്തിന്റെ പത്നി കമലാരത്നത്തോടും ഒപ്പം ശ്രീ ഭാരതിയും രാമായണ സംഗീതോത്സവത്തിൽ സന്നിഹിതനായി. ശ്രീ ഭാരതിയുടെ വാക്കുകൾ ഞാൻ ഉദ്ധരിക്കാം:

'സന്ധ്യയ്ക്ക് ഞങ്ങൾ തയ്യാറായി. ശ്രീ രത്നം, അദ്ദേഹത്തിന്റെ പത്നിയും വിദുഷിയുമായ ശ്രീമതി കമലാരത്നം, അവരുടെ പുത്രൻ അശോക്, പുത്രി മാധവി, പിന്നെ ഞാൻ. ഇരുണ്ട പച്ചനിറമുള്ള നിഴൽമരങ്ങൾക്കു കീഴിൽ, വെളുത്ത് അന്തസ്സുററ മെർഡേക്കാ കൊട്ടാരം. ടാങ്കുകളുടെയും യന്ത്രത്തോക്കുകളുടെയും കാവൽ. മുമ്പിൽ നിലംകുഴിച്ചു നിർമിച്ച സൈനിക-ബങ്കറുകൾ ഒരു വിമാനവേധത്തോക്ക്.

'കടുത്ത പട്ടാളപരിശോധനകൾക്കുശേഷം പട്ടാളക്കാരുടെ പാറാവിന്നകത്ത്, ഞങ്ങൾ കൊട്ടാരത്തിൽ കടന്നു. ഉള്ളിൽ വിശാലമായ സഭാഗൃഹത്തിലെ അന്തരീക്ഷം അത്ഭുതകരമായിരുന്നു. നാലുവശത്തും വാദ്യയന്ത്രങ്ങളുമായി ഗായകസംഘങ്ങൾ അവർക്കിടയിൽ, മരംകൊണ്ടുള്ള ഒരു വലിയ താളവാദ്യത്തിനു മുമ്പിൽ, കൈയിൽ രണ്ടു കോലുമായി, നിലത്തിരിക്കുന്ന പ്രസിഡണ്ട് സുകർണോ.

'ഞങ്ങൾ ചെല്ലുന്നതു കണ്ട് അദ്ദേഹം കൈ ഉയർത്തി അഭിവാദ്യംചെയ്തു. ഞങ്ങൾ കസേരകളിൽ ഇരുന്നപ്പോൾ മൈക്ക് അരികത്തേക്കു നീക്കിവെച്ച് സുകർണോ പറഞ്ഞു: 'നമ്മുടെ ഭാരതീയസുഹൃത്തുക്കൾ വന്നുകഴിഞ്ഞു. ഇനി മററുള്ളവർ മിണ്ടാതിരിക്കുക. ഇവർക്കുവേണ്ടി ബാപ്പുസുകർണോ വാദ്യഘോഷം മുഴക്കി രാമായണം പാടാൻ പോകുന്നു.'

'അദ്ദേഹം മരംകൊണ്ടുള്ള വാദ്യയന്ത്രത്തിൽ, മധുരമായും രാഗബദ്ധമായും, ഒരു താളവട്ടം കൊട്ടി, അതു് അവസാനിച്ചപ്പോൾ ഹാളിൽ കൈയടി മുഴങ്ങി. പ്രസിഡണ്ട് ഉത്സാഹത്തോടെ എഴുന്നേററുനിന്നു. മൈക്ക് ഉയർത്തി. അദ്ദേഹത്തിന്റെ സോഫയ്ക്കു പിന്നിൽ യന്ത്രത്തോക്കു ധരിച്ച പട്ടാളക്കാർ ഇരുന്നിരുന്നു. അവരും എഴുന്നേററ് 'അററൻഷൻ' ആയി നിന്നു. പ്രസിഡണ്ട് മൈക്കിലൂടെ സംസാരിച്ചു: 'എനിക്കു പ്രിയപ്പെട്ട രാജ്യമാണ് ഇന്ത്യ. പക്ഷേ, ഇന്ത്യക്കാർ എന്റെ പ്രിയസുഹൃത്തായ ആചാര്യ രഘുവീരനെ വേണ്ടവിധത്തിൽ ആദരിച്ചില്ല.'

(ഇംഗ്ലീഷിലുള്ള എല്ലാം ശാസ്ത്രീയ–സാങ്കേതിക പദങ്ങൾക്കും സംസ്കൃതനിഷ്ഠമായ ഹിന്ദിയിൽ സമാന്തരപദങ്ങൾ നിർമിച്ച നിഘണ്ടുകാരനായിരുന്നു ഡോക്ടർ രഘുവീരൻ. സുകർണോവിനെ അദ്ദേഹം സംസ്കൃതം പഠിപ്പിച്ചിരുന്നു. ദക്ഷിണ പൂർവേഷ്യയിൽ ഭാരതീയസംസ്കാരത്തിനുണ്ടായിരുന്ന അഗാധസ്വാധീനത്തെപ്പററി സുകർണോവിനെ ഉദ്ബുദ്ധനാക്കിയ രഘുവീരന്റെ ഒരു വലിയ ഛായാപടം ആ ഹാളിൽ തൂക്കിയിട്ടിരുന്നു.)

'പെട്ടെന്ന് കൈയുയർത്തി സുകർണോ പറഞ്ഞു. അംബാസഡർ ശ്രീ പെരാലരത്നത്തോടു ഞാനിതു മുമ്പു പറഞ്ഞിട്ടുണ്ട്. ഇന്നു ഞാൻ നിങ്ങളോട് എല്ലാവരോടുമായി പറയുന്നു: മഹാഭാരതത്തിലെ ഭീമന്റെയും ഹിഡുംബിയുടെയും വീരപുത്രനായ ഘടോൽക്കചന്റെ അവതാരമാണ് ഞാൻ. കുഴപ്പങ്ങളിൽ എനിക്കു പരിഭ്രമമില്ല. ഞാൻ യോദ്ധാവാണ്. ഇതു് രാമായണ ഗാനമേളയാണ്. എങ്കിലും ഞാൻ ഘടോൽകചനെ വാഴ്ത്തി ഒരു പാട്ടു പാടാം, രത്നം അവർകളേ, കേൾക്കുക.'

സുകർണോവിന്റെ ഘടോൽകചസ്തോത്രം തന്നിലോ സദസ്യരിലോ എന്തു പ്രതികരണം ഉളവാക്കി എന്ന് ശ്രീ ഭാരതി എഴുതുന്നില്ല. പക്ഷേ, രാമായണവും മഹാഭാരതവും ഇൻഡോനേഷ്യൻ ജനതയിൽ ഇന്നും ചെലുത്തുന്ന സാംസ്കാരികസ്വാധീനം എത്രയെന്ന് ഉദ്ധരിച്ച ഭാഗത്തിൽനിന്നുതന്നെ വ്യക്തമാകുന്നുണ്ട്.

(10 മാർച്ച്, 1988)